INDIAN NATIONAL CONGRESS

Phone : 0471 2721401
Fax : 0471 2720629
E-mail : pcckerala@gmail.com
Web : www.kpcc.org.in

# KERALA PRADESH CONGRESS COMMITTEE

**Adv.P.A.Salim**
General Secretary

**Indira Bhavan**
**Thiruvananthapuram-10**

13.04.2026

## വാസ്തവവിരുദ്ധമായ പ്രസ്താവനകൾ നൽകി പുളിക്കൽ പിതാവിനെ വിവാദങ്ങളിലേക്ക് വലിച്ചിഴക്കരുത് : അഡ്വ.പി.എ.സലിം

യു ഡി എഫ് സ്ഥാനർഥികളെ സഹായിക്കുവാൻ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യനായ മാർ ജോസ് പുളിക്കൽ പിതാവ് ശ്രമിച്ചു എന്ന ചിലരുടെ പ്രസ്താവന അടിസ്ഥാനരഹിതമാണെന്ന് കെപിസിസി ജനറൽ സെക്രട്ടറി അഡ്വ.പി.എ.സലിം. പൂഞ്ഞാറിലെ ജനാധിപത്യ വിശ്വാസികൾ ഒന്നടങ്കം യു ഡി എഫിന്റെ പിന്നിൽ അണിനിരന്നതാണ് ഐക്യജനാധിപത്യ മുന്നണിയുടെ വൻ മുന്നേറ്റത്തിന്റെ അടിസ്ഥാനം.

കാലാകാലങ്ങളായി ജനാധിപത്യ പ്രക്രിയകളിലും പൊതു വിഷയങ്ങളിലും വിവാദങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി നിന്നുകൊണ്ട് മാതൃകാപരമായ നിലപാട് സ്വീകരിക്കുന്ന കാഞ്ഞിരപ്പള്ളി രൂപതയുടെ അധ്യക്ഷന്മാർ പൊതുസമൂഹത്തിന് മാതൃകയാണ്.

പരിസ്ഥിതി വിഷയങ്ങളിലും വനം വന്യജീവി വിഷയങ്ങളിലും കൃത്യവും ക്രിയാത്മകവുമായ നിലപാടുകൾ സ്വീകരിച്ചിട്ടുള്ള കാഞ്ഞിരപ്പള്ളി രൂപത എല്ലാകാലവും രാഷ്ട്രീയ വിഷയങ്ങളിൽ ഉൾപ്പെടാതെ അകന്നുനിന്ന് മാതൃക കാണിച്ചുകൊണ്ട് സമൂഹത്തിന്റെ നന്മയ്ക്ക് ഉതകുന്ന മാതൃകാപരമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്.

വിശ്വാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന, സമൂഹത്തിന്റെ പൊതു നന്മയ്ക്ക് ഉതകുന്ന തീരുമാനങ്ങൾ എടുക്കുന്ന കാഞ്ഞിരപ്പള്ളി രൂപത, എല്ലാകാലത്തും ആവശ്യവും അത്യാവശ്യവും അർഹിക്കുന്ന സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ചേർത്തുനിർത്തിയും, സഹായങ്ങളും, പ്രോത്സാഹനങ്ങളും നൽകിയുമാണ് മുന്നോട്ട് പോയിട്ടുള്ളത്.

എല്ലാകാലവും മാതൃകാപരമായി ഇത്തരത്തിൽ പെരുമാറുന്ന ശാന്ത ജീവിതം നയിക്കുന്ന വൈദിക ശ്രേഷ്ഠരെയും പിതാക്കന്മാരെയും ഇത്തരത്തിൽ വിവാദങ്ങളിലേക്ക് വലിച്ചിഴക്കുന്നത് ഒരുതരത്തിലും അംഗീകരിക്കുവാൻ സാധിക്കില്ലെന്നും അഡ്വ.പി.എ.സലിം പറഞ്ഞു.